**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2216. 08.12.2014 ൽ മറുപടിയ്ക്ക്.

<u>ബസ് ചാർജ് വർദ്ധനവ്</u>

| ചോദ്യം<br>ശ്രീ. മാത്യു.റ്റി. തോമസ്<br>ശ്രീമതി. ജമീല പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി.കെ. നാണു | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | 3 തവണ |
| (ബി) | വിവിധ വർദ്ധനവുകളിലായി വ്യത്യസ്ത സർവ്വീസുകളുടെ മിനിമം ചാർജിൽ എത്ര ശതമാനം വർദ്ധനവുണ്ടായി ; | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ബസ് ചാർജ് പരിഷ്കരിക്കാൻ NATPAC-ന്റെ പഠനറിപ്പോർട്ട് ഇപ്പോൾ ആശ്രയിക്കുന്നുണ്ടോ ; | (സി) | ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് ബസ് യാത്രാനിരക്കുകൾ വർദ്ധിപ്പിക്കുന്നത്. കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ NATPAC ശേഖരിക്കുന്ന വിവരങ്ങളും അവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പഠന റിപ്പോർട്ടുകളിലെ വിവരങ്ങളും കണക്കിലെടുക്കാറുണ്ട്. |
| (ഡി) | പല തവണകളിലായി ഡീസലിന് ഉണ്ടായ വിലക്കുറവിനെ തുടർന്ന് ബസ് ചാർജുകളിൽ കുറവ് വരുത്താത്തതിന്റെ കാരണം വിശദമാക്കാമോ ? | (ഡി) | പെട്രോൾ / ഡീസൽ വില വർദ്ധനവിന് പുറമെ, സ്പെയർ പാർട്സ്, ടയർ, ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് കാര്യേജുകളുടെ പ്രവർത്തനച്ചിലവി ലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ, അംഗപരിമിതരായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യയാത്ര |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ്, എന്നിങ്ങനെ സ്റ്റേജ് കാര്യേജ് ഓപ്പറേറ്റ് ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്ത ശേഷമാണ് ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുക്കുന്നത്. ആയതിനാൽ പെട്രോൾ / ഡീസൽ എന്നിവയിലെ വിലക്കുറവ് മാത്രം കണക്കാക്കി ചാർജ് കുറയ്ക്കുന്ന കാര്യം പൂർണ്ണമായും പ്രായോഗികമല്ല. എങ്കിലും ഇക്കാര്യത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| സർവ്വീസിന്റെ ഇനം | മിനിമം നിരക്ക് സംബന്ധിച്ച വിവരങ്ങൾ | | |
|---|---|---|---|
| | 06/08/2011 തീയതിയിലെ G.O.(P)No. 45/2011/Tran പ്രകാരമുള്ള നിരക്ക് വർദ്ധനവ് (%) | 09/11/2012 തീയതിയിലെ G.O.(P)No. 65/2012/Tran പ്രകാരമുള്ള നിരക്ക് വർദ്ധനവ് (%) | 19/05/2014 തീയതിയിലെ G.O.(P) No. 38/2014/Tran പ്രകാരമുള്ള നിരക്ക് വർദ്ധനവ് (%) |
| ഓർഡിനറി / മൊഫ്യൂസൽ | 25 | 20 | 16.67 |
| സിറ്റി ഫാസ്റ്റ് | 25 | 20 | 16.67 |
| ഫാസ്റ്റ് പാസഞ്ചർ / ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ | 40 | 14.29 | 25 |
| സൂപ്പർ ഫാസ്റ്റ് | - | 20 | 8.33 |
| സൂപ്പർ എക്സ്പ്രസ് | - | 13.33 | 17.65 |
| സൂപ്പർ ഡീലക്സ് / സെമി സ്ലീപ്പർ | - | 25 | 12 |
| ലക്ഷ്വറി എയർകണ്ടീഷൻഡ് | - | 16.67 | 14.29 |
| വോൾവോ | - | 16.67 | 14.29 |

സെക്ഷൻ ഓഫീസർ